# 2025-26

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## ജി. എൽ. പി. എസ്. പെരിമ്പടാരി

# ആമുഖം

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്കിൽ ഉൾപ്പെട്ട മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിലെ 24-)ം വാർഡിൽ പെരിമ്പടാരി ദേശത്താണ് ഗവ. എൽ. പി. സ്കൂൾ പെരിമ്പടാരി സ്ഥിതിചെയ്യുന്നത്. 1918-19 കാലഘട്ടത്തിൽ ആരംഭിച്ചതായി രേഖകൾ സൂചിപ്പിക്കുന്നു. മുൻ ധനകാര്യമന്ത്രി ടി. ശിവദാസമേനോന്റെ അച്ഛനായ ശ്രീ വി എസ്. കെ. പണിക്കർ വിദ്യാലയം സ്ഥാപിച്ചു. പിന്നീട് മലബാർ ഡിസ്ട്രിക്ട് ബോർഡ് ഈ വിദ്യാലയം ഏറ്റെടുക്കുകയും സർക്കാർ വിദ്യാലയമായി മാറുകയും ചെയ്തു.

ഓടിട്ട ഒറ്റക്കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങിയ ഈ വിദ്യാലയം ഇന്നത്തെ അവസ്ഥയിലെത്തിക്കുന്നതിന് നല്ലവരായ ഇന്നാട്ടുകാരുടെയും, മാർഗദീപം തെളിയിച്ച അധ്യാപക ശ്രേഷ്ഠരുടെയും ശക്തമായ ഒരു പി. ടി. എ. യുടെയും വിശാലമനസ്കരായ വിദ്യാഭ്യാസ തൽപ്പരുടെയും നിസ്വാർഥ സേവകരായ ജനപ്രതിനിധികളുടെയും, ഒപ്പം ഊർജ്ജസ്വലരായ അധ്യാപകരുടെയും നിതാന്ത പരിശ്രമവും അർപ്പണ മനോഭാവവും മുതൽക്കൂട്ടായിട്ടുണ്ട്.

ദേശീയ തലത്തിലും പൊതുസമൂഹത്തിലും പ്രശസ്തരായ അനേകം വ്യക്തികളെ സംഭാവനചെയ്യാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ജനകീയ ഡോക്ടർ ശ്രീ. കെ. കമ്മാപ്പ, മദ്രാസ് ഐ. ഐ. ടി യിലെ പ്രൊഫസറും ശാസ്ത്രജ്ഞനുമായ ഡോ. ജയകൃഷ്ണൻ, ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാർ, അഡ്വക്കേറ്റ്സ്, പത്രപ്രവർത്തകർ തുടങ്ങി നിരവധിപേർ ഈ വിദ്യാലയത്തിന്റെ സംഭാവനയാണ്.

പൊതുവിദ്യാഭ്യാസ മേഖല നിരവധി വെല്ലുവിളികൾ നേരിടുന്ന സാമൂഹ്യപശ്ചാത്തലത്തിൽ കുട്ടികളുടെ എണ്ണക്കുറവ് നമുക്കും ബാധിച്ചിട്ടുണ്ട്. നിരവധി ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ നടുവിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം വെല്ലുവിളികളെ അതിജീവിക്കാൻ കഠിന പരിശ്രമത്തിലാണ് 2014-15 വർഷം മുതൽ ക്രമാനുഗതമായ വളർച്ച കുട്ടികളുടെപ്രവേശനത്തിലുണ്ടായിട്ടുണ്ട്. കേരളസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നമ്മുടെ വിദ്യാലയപ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുന്നു

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| ജില്ല | : | പാലക്കാട് |
| വിദ്യാഭ്യാസജില്ല | : | മണ്ണാർക്കാട് |
| ഉപജില്ല | : | മണ്ണാർക്കാട് |
| ജില്ലാപഞ്ചായത്ത് | : | പാലക്കാട് |
| ഗ്രാമപഞ്ചായത്ത് | : | മണ്ണാർക്കാട് മുനിസിപ്പാലിറ്റി |
| നിയമസഭാ മണ്ഡലം | : | മണ്ണാർക്കാട് |
| വില്ലേജ് | : | മണ്ണാർക്കാട് 1 |
| വാർഡ് | : | 24, പെരിമ്പടാരി |
| ബി ആർ സി | : | മണ്ണാർക്കാട് |
| സ്ഥാപിത വർഷം | : | 1918 |
| പ്രധാനധ്യാപിക | : | ബീന വി എസ് (8606151870) |
| പി ടി എ പ്രസിഡണ്ട് | : | അഫ്ന പി കെ (9746356439) |
| എസ് എം സി ചെയർപെർസൺ | : | മഞ്ജുഷ (9961290598) |
| വിലാസം | : | ജി എൽ പി എസ് പെരിമ്പടാരി<br>പെരിമ്പടാരി ( പിഒ), മണ്ണാർക്കാട്<br>പാലക്കാട് -678762 |
| വിസ്തീർണ്ണം | : | 49 സെന്റ് |
| സർവ്വേനമ്പർ | : | 56/21 |

# ലക്ഷ്യങ്ങൾ

- പ്രവേശനം നേടിയ എല്ലാ വിദ്യാർഥികൾക്കും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഉന്നത നിലവാരത്തിലുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുക.
- കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുകയും വിശ്വമാനവൻ എന്ന സങ്കൽ പ്പത്തിലെത്തിക്കുന്നതിന് ആവശ്യമായ കർമപദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക.
- വിദ്യാലയവും സമൂഹവുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനോടൊപ്പം സാമൂഹ്യപങ്കാളിത്തത്തോടെ സ്കൂളിനെ മുഖ്യധാരയിലേക്കുയർത്തുക.
- ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ, ജനപ്രതിനിധികൾ , ഒഎസ്എ, എസ്എസ്ജി, ക്ലബുകൾ, സന്നദ്ധസംഘടനകൾ ഇവയുടെ സഹായത്തോടെ അക്കാദമിക,ഭൗതിക നിലവാരം മികവുറ്റതാക്കുക.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപ്പര്യം വളർത്തിയെടുക്കുക.

- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- ജൈവ വൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക. കൂടുതൽ മെച്ചപ്പെടുത്തുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- ഇഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുവാൻ രക്ഷിതാക്കളെയും കുട്ടികളെയും പ്രാപ്തരാക്കുക.
- പ്രാദേശിക വായനാക്കൂട്ടങ്ങൾ രൂപീകരിക്കുക.
- ഗണിത പരിസര പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിന് കൃഷി പ്രയോജനപ്പെടുത്തുക.
- റീഡേഴ്സ് തീയേറ്റർ, പാട്ടരങ്ങ് എന്നിവയിലൂടെ ഭാഷാവികസന സാധ്യതകൾ വർദ്ധിപ്പിക്കുക.

# വിദ്യാലയ വികസന കാഴ്ചപ്പാട്

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ നിയമം അനുശാസിക്കുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർഥികൾക്കും ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുക.

അഞ്ചു വർഷത്തെ കാലയളവിൽ സാമൂഹിക ഭൗതിക മേഖലകളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിച്ച് വിദ്യാലയത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുക.

## നിലവിലെ അവസ്ഥ

| കുട്ടികളുടെ എണ്ണം | 2022-23 | 2023-24 | 2024-25 | 2025-26 |
|---|---|---|---|---|
| പ്രീ-പ്രൈമറി | 82 | 76 | 74 | 63 |
| എൽ പി വിഭാഗം | 165 | 158 | 157 | 151 |

### അധ്യാപകർ

| | |
|---|---|
| ബീന വി എസ് | പ്രധാനധ്യാപിക |
| ബിന്ദു ജോസഫ് | അധ്യാപിക |
| ലിസ കെ എം | അധ്യാപിക |
| സെലീന കെ | അധ്യാപിക |
| സുനി എ ആ | അധ്യാപിക |
| സ്വപ്ന എസ് | അധ്യാപിക |
| സവിത എൻ | അധ്യാപിക |
| അയമു കെ എ | അറബിക് അധ്യാപകൻ |

## അധ്യാപകേതര ജീവനക്കാർ

ഈശ്വരിയമ്മ പി കെ (പി ടി സി എം )

ഷരീഫ പി (കുക്ക്)

## പ്രീ- പ്രൈമറി വിഭാഗം

രാധ എടത്തൊടി (അധ്യാപിക)

റുക്സീന എ (അധ്യാപിക)

വസന്ത (ആയ)

## പ്രത്യേകതകൾ

- ശാന്തമായ പഠനാന്തരീക്ഷം
- സാഹചര്യങ്ങളിലെ മികവ്
- അർപ്പണബോധമുള്ള അധ്യാപകർ
- പിടിഎ, എംപിടിഎ സജീവ പങ്കാളിത്തം
- ജനപ്രതിനിധികളുടെ സമയോചിതമായ ഇടപെടൽ
- മികച്ച ഹരിത വിദ്യാലയം
- ഐ ഇ ഡി സി റിസോഴ്സ് സെന്റർ
- ക്ലസ്റ്റർ വിദ്യാലയം
- തുടർച്ചയായ എൽ എസ് എസ് നേട്ടം
- വിവേചനരഹിത പഠനാന്തരീക്ഷം
- ഗതാഗത സൗകര്യം
- കലാ, കായിക രംഗത്തെ തിളക്കമാർന്ന നേട്ടം
- വിവിധ ഭാഷകളിലുള്ള അസംബ്ലി
- ആകർഷകമായ ഓഡിറ്റോറിയം
- മുഴവൻ വിദ്യാർഥികൾക്കും കമ്പ്യൂട്ടർ പരിശീലനം
-

## പരിമിതികൾ

- സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്നും വരുന്ന വിദ്യാർഥികൾ
- കുട്ടികളുടെ അനുപാതത്തിലുള്ള ഭൗതിക സാഹചര്യത്തിന്റെ അഭാവം
- ആധുനിക സൗകര്യമുള്ള പ്രീ-പ്രൈമറി കെട്ടിടത്തിന്റ അഭാവം
- സ്വന്തമായി കളിസ്ഥലമില്ല

## സാധ്യതകൾ

- സ്കൂൾ വികസനത്തിനു താൽപര്യമുള്ള സമൂഹം
- സജീവമായ പിടിഎ , എം പിടിഎ, എസ് എം സി
- വിദ്യാലയ വികസന തൽപ്പരരായ സന്നദ്ധസംഘടനകൾ
- സഹകരണമനോഭാവമുള്ള പൂർവ്വ വിദ്യാർഥികൾ
- സേവന തൽപ്പരരായ ജനപ്രതിനിധികൾ, തദ്ദേശ ഭരണസ്ഥാപനങ്ങൾ
- സജീവ പിന്തുണയുള്ള എസ് എസ് എ
- പിന്തുണയും പ്രോത്സാഹനവും നൽകുന്ന മുൻ അധ്യാപകർ , വിദ്യാർഥികൾ

## ഭീഷണികൾ

- വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന ദൂരപരിധി പാലിക്കാത്ത അയൽപക്ക വിദ്യാലയങ്ങൾ
- അഞ്ചു കിലോമീറ്റർ ചുറ്റളവിൽ പ്രവർത്തിക്കുന്ന എണ്ണമറ്റ അൺഎയ്ഡഡ് വിദ്യാലയങ്ങൾ
- ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോടുള്ള രക്ഷിതാക്കളുടെ അന്ധമായ താൽപര്യം
- വിദ്യാലയങ്ങളുടെ ആരോഗ്യകരമല്ലാത്ത കിടമത്സരം

## ഭൗതികം

| വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| ഓഫീസ് മുറി | 1 | |
| ക്ലാസ് മുറികൾ | 7 | 4 |
| ടോയ് ലറ്റ് | 10 | |
| യൂറിനൽ | 1 | |
| അഡാപ്റ്റഡ് ടോയ് ലറ്റ് | 1 | |
| കുടിവെള്ള സൗകര്യം | കിണർ | മഴസംഭരണി പ്രവർത്തനക്ഷമമാക്കണം |
| ചുറ്റമതിൽ | ഉണ്ട് | |
| ഗേറ്റ് | ഉണ്ട് | |
| കളിസ്ഥലം | പരിമിതം | ആവശ്യമാണ് |
| റാംപ് & റെയിൽ | 1 | |
| പാചകപ്പുര | ഉണ്ട് | പരിമിതമായ സ്ഥലമേഉള്ളൂ വിശാലമാക്കണം |
| സ്റ്റോർ റൂം | ഇല്ല | |
| ലൈബ്രറി | ഇല്ല | |
| കമ്പ്യൂട്ടർ ലാബ് | ഇല്ല | |
| ലാപ്പ് ടോപ്പ് | 13 | |
| ഡസ്ക് ടോപ്പ് | ഇല്ല | |
| എൽ സി ഡി പ്രൊജക്ടർ | 5 | |
| ടെലിവിഷൻ | ഇല്ല | 1 |
| ഇന്റർനെറ്റ് | K-fon | ഇപ്പോൾ ലഭ്യമല്ല |
| സ്കാനർ | ഇല്ല | 1 |
| പ്രിന്റർ | 1 | കളർ പ്രിന്റർ |
| ഫോട്ടോസ്റ്റാറ്റ് മെഷിൻ | ഇല്ല | |
| ഇ- മെയിൽ ഐഡി | glpsperimpadari@gmail.com | |
| ബ്ലോഗ് | ഇല്ല | ആരംഭിക്കണം |

| | | |
|---|---|---|
| എയർകണ്ടീഷണർ | ഇല്ല | ലഭ്യമാക്കണം |
| ഇന്ററാക്ടിവ് വൈറ്റ് ബോർഡ് | ഇല്ല | ലഭ്യമാക്കണം |
| വാക്വം ക്ലീനർ | ഇല്ല | ലഭ്യമാക്കണം |
| സോളാർ പാനൽ | ഇല്ല | ലഭ്യമാക്കണം |
| ജൈവവൈവിധ്യ പാർക്ക് | ഉണ്ട് | |
| ഔഷധോദ്യാനം | ഉണ്ട് | |
| കുട്ടിവനം പദ്ധതി | ഇല്ല | ആരംഭിക്കണം |
| ഹരിത ഗാർഡൻ | ഉണ്ട് | |

## അക്കാദമികം

| | |
|---|---|
| ഭാഷാ ക്ലബ്ബ് | ഒറിഗാമി ശില്പ്പശാല |
| ഗണിത ക്ലബ്ബ് | സർഗവേള |
| ഇംഗ്ലീഷ് ക്ലബ്ബ് | ഒന്നാംക്ലാസ് ഒന്നാന്തരം |
| അറബിക് ക്ലബ്ബ് | സഹപഠനം |
| ശാസ്ത്ര ക്ലബ്ബ് | മലയാളത്തിളക്കം |
| ഐ ടി പരിശീലനം | ഹലോ ഇംഗ്ലീഷ് |
| സെമിനാറുകൾ | ഗണിതം മധുരം |
| ഫീൽഡ് ട്രിപ്പുകൾ | നിരന്തര മൂല്യനിർണയം |
| കലാകായിക പരിശീലനം | ക്ലാസ് പി ടി എ |
| സഹവാസക്യാമ്പുകൾ | അമ്മ വായന |
| സ്കൂൾപത്രം, മാഗസിൻ | എൽ എസ് എസ് പരിശീലനം |
| ദിനാചരണങ്ങൾ | അധ്യാപക പരിശീലനം |
| എസ് ആർ ജി ശാക്തീകരണം | പഠനോപകരണ ശില്പ്പശാല |

## സാമൂഹികം

- പി ടി എ  ശാക്തീകരണം
- വിദ്യാലയ വികസന സമിതി
- ഒ. എസ്. എ പ്രവർത്തനം
- എസ് എസ് ജി പങ്കാളിത്തം
- എൽ എസ് ജി ബന്ധം
- ഗ്രന്ഥാലയം, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസപ്രവർത്തകർ, പൂർവ്വ അധ്യാപകർ , സഹകരണസ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ, പ്രവാസികൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തൽ.
- സി പി ടി എ പ്രവർത്തനങ്ങൾ മാതൃകാപരം
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കുവെക്കലും പ്രയോജനപ്പെടുത്തലും.
- റിസോഴ്സ് മാപ്പിംഗ്

നമുക്കാവശ്യമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി അതിനുള്ള പഠനാന്തരീക്ഷവും പഠന പരിസരവും ഉരപ്പുവരുത്തുന്നതിന് പൊതുസമൂഹത്തിന്റെ ക്രിയാത്മകമായ പങ്കാളിത്തംഅനിവാര്യമാണ്. സ്കൂളിന്റെ വികസനത്തിന് സമൂഹവും, സമൂഹത്തിന്റെ വികസനത്തിന് സ്കൂളും നിർണായകമായ പങ്ക് വഹിക്കണം.

# വിദ്യാലയപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ

| | |
|---|---|
| എസ് ആർ ജി | എല്ലാ ആഴ്ചയിലും |
| എസ് എം സി/ പി ടി എ<br>(ജനറൽബോഡി എക്സിക്യൂട്ടീവ്) | ജനറൽബോഡി - 3 തവണ<br>എക്സിക്യൂട്ടീവ് - മാസത്തിൽ ഒരു തവണ |
| എം പി ടി എ | രണ്ട്മാസത്തിൽ ഒരിക്കൽ |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | |
| സ്കൂൾ വികസനസമിതി | |
| ഗണിത ക്ലബ്ബ് | |
| സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |
| ആരോഗ്യശുചിത്വ ക്ലബ്ബ് | |
| പരിസ്ഥിതി ക്ലബ്ബ് | |
| ബാലസഭ | |
| ലൈബ്രറി | ക്ലാസ് തലത്തിൽ പുസ്തക വിതരണം |
| വിദ്യാരംഗം | ക്ലബ്ബ് പ്രവർത്തനം യഥാസമയം |

| | |
|---|---|
| കമ്പ്യൂട്ടർ ലാബ് | ഓഫീസ്മുറിയിൽ സജ്ജീകരണം, 5 ലാപ്ടോപ്പുകൾ, ടൈംടേബിൾപ്രകാരം പരിശീലനം |
| ഗണിത ലാബ് | പ്രത്യേകം മുറിയില്ല. ക്ലാസ്തല സജ്ജീകരണം, ഗണിത പഠനോപകരണങ്ങൾ ക്ലാസ്തലത്തിലും അലമാരയിലും ക്രമീകരിക്കുന്നു |
| ശാസ്ത്ര ലാബ് | പ്രത്യേകം മുറിയില്ല. അലമാരയിൽ പ്രത്യേകം ക്രമീകരിക്കുന്നു |
| സാമൂഹ്യശാസ്ത്ര ലാബ് | പ്രത്യേകം മുറിയില്ല. പഠനോപകരണങ്ങൾ അലമാരയിൽ |
| ലാംഗ്വേജ് ലാബ് | ഇല്ല |
| ഡിജിറ്റൽ ലൈബ്രറി | 50 സിഡികൾ ലഭ്യമാണ്, പ്രത്യേകമുറിയില്ല. |

# അക്കാദമികം

| പദ്ധതി & ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| എന്റെ കുട്ടി<br>കുട്ടിയെ അറിയാൻ<br>കുട്ടികളുടെ ശാരീരിക മാനസിക ശേഷികൾ കണ്ടെത്തൽ-വികസിപ്പിക്കൽ | കുട്ടിയുടെ കുടുംബ പശ്ചാത്തലം അറിയൽ<br>വിവര ശേഖരണം<br>ഗൃഹ സന്ദർശനം<br>കൈതാങ്ങ് | ആവശ്യാനുസരണം | SRG<br>PTA | BRC<br>PTA |
| കോര്ണർ പി ടി എ<br>അധ്യാപകരക്ഷാകർത്തൃ ബന്ധം ഊട്ടുറ്റതാക്കുന്നതിന്<br>വിദ്യാർഥികൾക്ക് വീട്ടിലും വിദ്യാലയത്തിലുംവ്യക്ത ിഗത പിന്തുണ നൽ കുന്നതിന് | -കുട്ടികളുടെ പഠനമികവുകൾ അവതരണം<br>ചർച്ചകൾ- ക്ലാസുകൾ | എല്ലാമാസങ്ങളിലും | SRG<br>PTA | PTA |
| സ്നേഹ വിരുന്നുകൾ<br>കുട്ടികളിൽ സ്നേഹം കൂട്ടായ്മ, പങ്കുവയ്ക്കൽ എന്നീ മനോഭാവങ്ങൾ വളർത്തൽ | പിറന്നാളാഘോഷങ്ങൾ<br>-രുചിമേളകൾ<br>-സ്പോൺസറിംഗ് സദ്യകൾ | ആവശ്യാനുസരണം | SRG<br>PTA<br>OSA<br>SSG | SRG<br>PTA<br>OSA<br>SSG |
| ദിനാചരണങ്ങൾ<br>വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ | ആവശ്യാനുസരണം | SRG | PTA<br>മുനിസിപ്പാലിറ്റി |
| കോച്ചിംഗ് ക്ലാസ്<br>ക്വിസ് മത്സരങ്ങൾ<br>സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | അവധി ദിവസങ്ങളിലെ പരിശീലന ക്ലാസുകൾ , ക്വിസ് മത്സരം | ഒരു വർഷം | SRG | PTA<br>മുനിസിപ്പാലിറ്റി |
| അമ്മ മലയാളം<br>രക്ഷിതാക്കളുടെനൈപുണ്യം വളർത്തുന്നതിന്. | പ്രത്യേക ക്ലാസുകൾ<br>തുല്യതാ പരിശീലനം | SRG | | PTA<br>മുനിസിപ്പാലിറ്റി |
| സ്കൂൾ വാർത്തകൾ | സ്കൂളിന്റെ സമീപ പ്രദേശങ്ങളിൽ സ്കൂൾ | | | |

| | | | | |
|---|---|---|---|---|
| വിദ്യാലയപ്രവർത്തനങ്ങള് പൊതുസമൂഹത്തെ അറിയിക്കൽ | വാർത്താ ബോർഡുകൾ സ്ഥാപിക്കൽ | ദീർഘകാലം | SRG<br>PTA<br>OSA | PTA<br>മുനിസിപ്പാലിറ്റി |
| ഐടി @ അമ്മ വിദ്യാലയപ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കൽ | അമ്മമാർക്ക് കമ്പ്യൂട്ടർ പരിശീലനം | ഒരു വർഷം | SRG<br>PTA<br>OSA | PTA<br>മുനിസിപ്പാലിറ്റി |
| മികവുത്സവം സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ രക്ഷിതാക്കളെയും പൊതുസമൂഹത്തെയും അറിയിക്കൽ | ഒരു വർഷം | SRG<br>PTA | PTA |
| മെഡിക്കൽ ക്യാമ്പുകൾ ആരോഗ്യ ക്ലബുകൾ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | ഹെൽത്ത് ക്ലബ് പ്രവർത്തനം, ബോധവത്കരണ ക്ലാസുകൾ , മെഡിക്കൽ ക്യാമ്പുകൾ | ഒരു വർഷം | SRG<br>PTA<br>PHC | മുനിസിപ്പാലിറ്റി |

# അക്കാദമികം

| പദ്ധതി & ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| ആരോഗ്യം | 1.ഹെൽത്ത്ക്ലബ്<br>2. ബോധവത്കരണ ക്ലാസുകൾ<br>3. മേഡിക്കൽ ക്യാമ്പുകൾ<br>4. ഹെൽത്ത് കാർഡുകൾ<br>5. സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ<br>6. ഉച്ചഭക്ഷണം<br>7. പോഷകാഹാര പരിപാടി<br>8. പിറന്നാൾ സദ്യകൾ<br>9. പലഹാരമേള (നാടൻ രുചികൾ പരിചയപ്പെടുത്തൽ)<br>10. യോഗാപരിശീലനം | | | PTA |
| ജലസംഭരണം | ജലസ്രോതസ്സുകളുടെ സംരക്ഷണം<br>കിണർ റീച്ചാർജിംഗ് | | | PTA<br>OSA |
| കുട്ടികളുടെ പാർക്ക് കുഞ്ഞുങ്ങളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനും മാനസികോല്ലാസത്തിനും | കളിയുപകരണങ്ങളുടെ സജ്ജീകരണം,<br>പാർക്ക് നിർമാണം. | | | PTA<br>OSA |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26
# ക്ലാസ്സ് - ഒന്ന്

**ക്ലാസ്സ് :ഒന്ന്** **പ്രാഥമിക വിവരങ്ങൾ** **വിഷയം : മലയാളം**

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി എൽ പി സ്കൂൾ ,പെരിമ്പടാരി |
| ക്ലാസ്സ് അധ്യാപകർ | : | ലിസ കെ എം(1A) ബിന്ദു ജോസഫ് (1B) |
| ഒന്നാംക്ലാസ്സിലെ കുട്ടികളുടെ എണ്ണം | : | 1A -16, 1B - 25 |
| പ്രത്യേക പരിഗണന ആവശ്യമുള്ളവർ | : | 3 |
| ഗോത്രവിഭാഗത്തിൽപെട്ടവർ | : | ഇല്ല |

## ലക്ഷ്യങ്ങൾ

- ഒന്നാംക്ലാസ്സിലെ എല്ലാഎഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെസഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവുനേടുക.
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുക.
- ലളിതമായ വായനാക്കാർഡുകൾ വായിക്കുക.
- ലളിതമായ വായനാക്കാർഡുകൾ നിർമിക്കുക.
- ബാലസാഹിത്യകൃതി സ്വന്തമായി ചിത്രം വരച്ചും കഥ എഴുതിയും തയ്യാറാക്കുക.
- പത്രം തയ്യാറാക്കുക.
- സ്വന്തമായി ഡയറി എഴുതുക.

| പ്രവർത്തനങ്ങൾ | കാലം | യൂണിറ്റ് |
|---|---|---|
| ക്ലാസ്സ്പി ടി എ | | |
| സന്നദ്ധതാ പ്രവർത്തനങ്ങൾ (ഒന്നൊരുക്കം) | ജൂൺ- ആഗസ്റ്റ് | പറവപാറി |
| കഥാവേള( ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയംമറ്റുള്ളവരുമായി പങ്കിടുന്നു) | | |
| വീട്ടുവായന. രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. | | പൂവ് ചിരിച്ചു |
| കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു. | | |
| ക്ലാസ്സ് ലൈബ്രറി ശക്തമാക്കുന്നു. | | മാനത്ത് പട്ടം |
| ചിത്രക്കാർഡുകൾ വായനക്കാർഡുകൾ നിർമാണ ശില്പശാല | | |
| വായനാവാരത്തോടൊപ്പംവായനോത്സവത്തിന്തുടക്കം കുറിക്കുന്നു. | | പിറന്നാൾ സമ്മാനം |
| തിയറ്റർ സാധ്യതകൾ, വായനകേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് ആകൃഷ്ടരാക്കുന്നു. | | |
| നിർമാണ പ്രവർത്തനങ്ങൾ | | |
| പാട്ടരങ്ങ് | | |
| സംയുക്തഡയറി- രക്ഷിതാക്കളുടെ സഹായത്തോടെ ഡയറിയെഴുത്ത് തുടങ്ങുന്നു. | | മണ്ണിലും മരത്തിലും |

| | | |
|---|---|---|
| രചനോത്സവം | | |
| പാട്ടരങ്ങ് | | |
| റീഡേഴ്സ് തീയേറ്റർ | സെപ്റ്റംബർ | |
| ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. കുട്ടിയുടെ വാചക പ്രകടനങ്ങൾ | | |
| ചിത്രങ്ങൾക്ക് ലളിതമായ അടിക്കുറുപ്പെഴുതൽ (സഹായത്തോടെ) | | |
| ചിത്രവായനാകാർഡുകൾ തയ്യാറാക്കൽ. | | പിന്നേം പിന്നേം |
| നിർമാണപ്രവർത്തനങ്ങൾ | | ചെറുതായി പാലപ്പം |
| ക്ലാസ് പി ടി എ | | |
| കൂട്ടവായന - കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു. | | പെയ്യട്ടങ്ങനെ പെയ്യട്ടെ |
| ലളിതമായ വായനാകാർഡുകൾസഹായത്തോടെ വായിക്കുന്നു. | ഒക്ടോബർ- ഡിസംബർ | |
| വേദികളിൽ സ്വതന്ത്രമായി കഥപറയുന്നു. | | ആഹാ എന്ത് സ്വാദ് |
| വരയരങ്ങ്. റോൾപ്ലേ | | വീട് കെട്ടണം ടിയാ ടിയാ |
| • ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. | | പച്ചക്കറിത്തോണി |
| • സഹായത്തോടെ കുട്ടി വായിക്കുന്നു. | | |
| • കുട്ടികൾ നിർമിച്ച കഥകളുടെ പ്രകാശനം | ജനുവരി | പോം പോം വണ്ടി |
| • കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു. | | തുമ്പിവിമാനങ്ങൾ |
| • ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾവായിക്കുന്നു. | | |
| • വായനക്കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു. | ജനുവരി - ഫെബ്രുവരി | ആരുടെ കുപ്പായം |
| • ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ്സ് ലൈബ്രറിയിൽ ഒരുക്കുന്നു. | | |
| • രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു. | | |
| • നവമാധ്യമങ്ങളിൽ പങ്കിടുന്നു. | | |
| • ക്ലാസ്സ് ലൈബ്രറിയിലെ പുസ്തകങ്ങൾ ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുക്കുന്നു. | | |
| • ഡയറിയെഴുത്ത് രക്ഷിതാക്കളുടെ സഹായത്തോടെ ഡയറി എഴുതത്ത് തുടങ്ങുന്നു. തുടർന്ന് സ്വന്തമായ രചനയിലേക്ക് എത്തുന്നു. | | |
| • ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതൽ | ജൂലൈ - മാർച്ച് | |
| • കാർട്ടൂണുകൾക്ക് സംഭാഷണം എഴുതൽ | | |
| • ചിത്രകഥകൾ തയ്യാറാക്കൽ | ആഗസ്റ്റ് - മാർച്ച് | |
| • കുത്തെഴുത്ത് കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള ലഘുരചനാ ശില്പശാലകൾ | | |
| • വീഡിയോ പാഠങ്ങൾ- ലഘുവീഡിയോ പ്രദർ ശിപ്പിച്ച് അതിൽനിന്നും ചോദ്യങ്ങളിലൂടെ പങ്കാളിത്തപാഠങ്ങൾ നിർമിക്കൽ | | |
| • രചനോത്സവം- ചിത്രങ്ങൾ അടിസ്ഥാനമാക്കി | | |

| | | |
|---|---|---|
| കുട്ടികളുടെ സ്വന്തമായ രചനകൾ. സർഗാത്മക സൃഷ്ടികൾ. | മാർച്ച് | വായനാപാഠങ്ങൾ |

# Academic master plan English

## GLPS Perimpatari : - Std 1 2025-26

Aims and objectives:-

- To indroduce the learners to the English language and develop basic communication skills ie, listening, speaking, reading and writing.
- Make learning English fun through activities like rhymes, songs, stories and games.
- Acqure a basic vocabulary of common words related to everyday objects, actions and situations .
- To enable the learners to listen English with proper understanding.
- Pronouns English sounds correctly, use basic vocabulary and simple sentance structures and participate in simple converastions .
- To develop the ability of expressing ideas, views, feelings, emotions and experiences.
- Recognize and name the letters of the alphabet and read simple words and short sentances.
- Write simple words, phrases and short sentances with correct spelling, punctulation marks and spacing.

| Aims / objectives | Activities | Unit | month |
|---|---|---|---|
| Listening<br>Speaking<br>Reading<br>Writing | Teacher interaction<br>Simple stories<br>Songs/rhymes<br>Converastions<br>Games<br>word web | (1) Honk honk<br>Toot, toot | June<br>July |
| Listening<br>Speaking<br>Reading<br>Writing | Teacher interaction<br>Stories<br>Songs/rhymes<br>Converastions<br>Descriptions<br>Add lines<br>Game,Riddles | (2) Back to Green | August<br>September |
| Listening<br>Speaking<br>Reading<br>Writing | Teacher interaction narations<br>Stories, games<br>Songs, origami<br>Converastions<br>Add lines, skit<br>Descriptions | (3) Meow | October<br>November |

| | | | |
|---|---|---|---|
| Listening<br>Speaking<br>Reading<br>Writing | Word web, Riddles<br><br>Teacher  interaction and narations<br>Stories<br>Songs<br>Converastions<br>Add lines<br>Origami<br>Word web<br>puzzle, Riddles | (4) The team rine | December<br>January |
| Listening<br>Speaking<br>Reading<br>Writing | Teacher interaction<br>Simple stories<br>Songs<br>Converastions<br>Games<br>Word web<br>Picture description<br>Add lines<br>Growing sentances<br>Riddles, Puzzles | (5) Robo the Robot | February<br>March |

## അക്കാദമിക മാസ്റ്റർ പ്ലാൻ  ഗണിതം

**ജി എൽ പി എസ് പെരിമ്പടാരി            ക്ലാസ് 1, 2025-26**

ലക്ഷ്യങ്ങൾ:

- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടികളെ വളർത്തുക
- വസ്തുതകളെ ഗണിതാശയങ്ങളുപയോഗിച്ച് അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവു നേടുക.
- കുട്ടികളുടെ യുക്തി ചിന്ത വളർത്തുക.
- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.
- ഗണിതപാട്ടുകൾ പാടാനും ആസ്വദിക്കാനും കഴിവുനേടുക.
- ദ്വിമാന ത്രിമാന രൂപങ്ങൾ തിരിച്ചറിയുകയും തരം തിരിക്കുകയും നിർമ്മിക്കുകയും ചെയ്യുക. പരസ്പര ബന്ധം കണ്ടെത്തി ചിത്രപാറ്റേണുകൾ പൂർത്തീകരിക്കുക.
- 1 മുതൽ 100 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നതിനും നിശ്ചിത എണ്ണം എണ്ണിയെടുക്കുന്നതിനും കഴിവുനേടുക.
- 1 മുതൽ 20 വരെ സംഖ്യകളെ വ്യത്യസ്ഥരീതിയിൽ വ്യാഖ്യാനിക്കാനും ക്രിയകൾ ഉപയോഗിച്ച് പ്രശ്ന പരിഹാരം നടത്താനുമുള്ള കഴിവുനേടുക.
- ഫലപ്രദവും രസകരവുമായ ഗമിതപഠനത്തിനായി ഒരോ കുട്ടിക്കും മഞ്ചാടി, മുത്ത്, ചിപ്പികൾ, ചിത്രങ്ങൾ, രൂപങ്ങൾ എന്നിവ ശേഖരിച്ച് ഗണിതകിറ്റ തയ്യാറാക്കുക.
- സംഖ്യാപാറ്റേണുകൾ, സംഖ്യാ പ്രത്യേകതകൾ എന്നിവയുടെ അടിസ്ഥാന ധാരണകൾ നേടുക.

- പത്തുകളുടെ കൂട്ടങ്ങളുമായി ബന്ധപ്പെട്ട് ഗണിതാശയങ്ങൾ പരിചയപ്പെടുന്നു, ധാരണ നേടുന്നു.

- അളവുകൾ , നാണയങ്ങൾ, നോട്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രാഥമിക ധാരണകൾ നേടുക. ക്രയവിക്രയ കളികളിൽ ഏർപ്പെടുക.
- സങ്കലന വ്യവകലന ക്രിയകൾ ഉപയോഗപ്പെടുത്തി ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമാക്കുന്നു.
- വർഷം, മാസം, ദിവസം, സമയം ഇവ സംബന്ധിച്ച് അടിസ്ഥാന ധാരണ ഉണ്ടാക്കുക.
- സമയത്തെ സൂചിപ്പിക്കുന്ന പദങ്ങൾ, ജോലികൾ എന്നിവ മനസിലാക്കുക.

| പ്രവർത്തനങ്ങൾ | യൂണിറ്റ് | മാസം |
|---|---|---|
| ഗണിതപാട്ടുകൾ<br>ചിത്രപാറ്റേൺ<br>ദ്വിമാല ത്രിമാന രൂപങ്ങൾ<br>ഗണിത കിറ്റ് | 1. വരമേളം | ജൂൺ |
| സംഖ്യകാർഡുപയോഗിച്ചുള്ള കളികൾ (1-5)<br>ചിത്രങ്ങൾ<br>വെജിറ്റബിൾ പ്രിന്റിംഗ്<br>ഗണിതകിറ്റ്<br>ഗണിതപാട്ടുകൾ<br>വലുത്, ചെറുത്, കൂട്ടങ്ങളാക്കൽ. | 2. തിത്തിരിക്കിളിയും ചങ്ങാതിമാരും | ജൂൺ<br>ജൂലൈ |
| സംഖ്യകാർഡുപയോഗിച്ചുള്ള കളികൾ (1-9)<br>ചിത്രങ്ങൾ<br>ഗണിതകിറ്റ്<br>ഗണിത കടങ്കഥകൾ<br>ഗണിതപാട്ടുകൾ | 3.നടന്ന് - നടന്നങ്ങനെ | ജൂലൈ<br>ആഗസ്റ്റ് |
| വഴി കണ്ടെത്താം<br>ഗണിതകളികൾ<br>സംഖ്യകാർഡ് 1 -20<br>സംഖ്യാമാല<br>ഗണിത കിറ്റ്<br>ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ | 4. ആമിയുടെ പിറന്നാൾ | ആഗസ്റ്റ്<br>സെപ്റ്റംബർ |
| കൂട്ടിചേർക്കൽ<br>ഡൊമിനോസ് കളി<br>വഴി കാട്ടാമോ<br>ചിത്രകാർഡുകൾ<br>സംഖ്യകാർഡുകൾ<br>പ്രായോഗിക പ്രശ്നങ്ങൾ | 5.പൂക്കാലം വരവായി | സെപ്റ്റംബർ<br>ഒക്ടോബർ |

| | | |
|---|---|---|
| 10 കളുടെ കൂട്ടങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>എണ്ണിയെടുക്കൽ<br>ചിത്രങ്ങൾ ഉപയോഗിച്ചുള്ള കളികൾ<br>മാല കോർക്കൽ<br>പാമ്പും കോണിയും കളിക്കൽ<br>പത്തിനെ അടിസ്ഥാനമാക്കിയുള്ള സങ്കലന ക്രിയകൾ | 6. അലമാരയിലെ കൂട്ടുകാർ | നവംബർ |
| ചിത്രങ്ങൾ താരതമ്യം ചെയ്യൽ<br>നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | 7. കൂടിയതും കുറഞ്ഞതും | ഡിസംബർ |
| ക്രയവിക്രയ കളികൾ<br>നാണയങ്ങൾ ഉപയോഗിച്ചുള്ള സംഖ്യാ വ്യാഖ്യാനം<br>നോട്ടുകളെ നാണയങ്ങളാക്കാം<br>നാണയങ്ങൾ കൂട്ടാം<br>കളിനോട്ടുകൾ  ഉപയോഗിച്ചുള്ള കളികൾ | 8.നാണയകിലുക്കം | ജനുവരി |
| സമയത്തെ സൂചിപ്പിക്കുന്ന പദങ്ങൾ ഉൾപ്പെടുന്ന ഡയറികൾ<br>പരിചയപ്പെടൽ, ഡയറിയെഴുതൽ,<br>കലണ്ടർ പരിചയപ്പെടൽ,<br>ആഘോഷങ്ങളുമായി വന്ധപ്പെട്ട ദിനങ്ങൾ കണ്ടെത്തൽ<br>ഒരാഴ്ചയിലെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തൽ | 9. നേരമായി | ജനുവരി |
| സങ്കലന വ്യവകലന ക്രിയകൾ (നിത്യജീവിതവുമായി ബന്ധപ്പെട്ടവ)<br>സംഖ്യാവ്യാഖ്യാനം<br>കാർഡുകളി<br>സംഖ്യകളുമായി ബന്ധപ്പെട്ട കടംകഥകൾ<br>ഗണിതപ്പാട്ടുകൾ<br>ഗണിതകിറ്റുപയോഗിച്ചുള്ള കളികൾ | 10. പാവ വേണോ  പാവ | ഫെബ്രുവരി |
| ജീവികളുടെയും സാധനങ്ങളുടെയും ചിത്രങ്ങൾ ഉപയോഗിച്ചുള്ള കളികൾ | 11. എണ്ണാം അടുക്കിവയ്ക്കാം | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് രണ്ട്

## മലയാളം

**ആമുഖം**

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം , വൈജ്ഞാനിക മേഖല സര്ഗ്ഗാത്മക മേഖല , വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയെ പരിഗണിച്ചാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത് . കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകികൊണ്ട് ഓരോ കുട്ടികളുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണ്യം നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ്.

**പ്രവർത്തന ലക്ഷ്യങ്ങൾ**

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം , ലഘുവിവരണം കഥ എന്നിവ തയ്യാറാക്കുന്നു.
- അശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു (കവിതാപൂരണം)

**മുന്നൊരുക്കം**

- പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലെയും ഉള്ള കുട്ടികളെ കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ , പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്കു ലഭ്യമാക്കുന്നതിന് ഉള്ള അവസരം ഉണ്ടാക്കുന്നു.

**ജൂൺ**

- ചിത്രവും പദവും ഉൾകൊണ്ട ചിത്രക്കാർഡുകൾ നൽകൽ
- ഭക്ഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
- വായനാ സാമഗ്രികൾ നിർമ്മിക്കൽ

- വായനയും എഴുതതും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജീകരിക്കൽ, പ്രദർശനം നടത്തൽ.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുന്നു.

ആഗസ്റ്റ്

- ക്ലാസ് ലാബ്രറി പ്രവർത്തന ക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായനാതലത്തിൽ എത്തിച്ച്  വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.
- ഭാഷാവികാസ മേഖലയിൽ എത്തിക്കുന്നതിനുള്ള  വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്നും സം ഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ  ഉണ്ടാക്കൽ .
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം നടത്തൽ
- പാട്ടരങ്ങ്  പ്രകൃതി നടത്തം യാത്രാവിവരണം  ഭാഷണം  ലേഖനം എന്നിവയ്ക്ക് അവസരം ഒരുക്കൽ

ഒക്ടോബർ

- വായിച്ചതോ കേട്ടതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
- വിവിധതരത്തിലുയള്ള പതിപ്പ് തയ്യാറാക്കൽ

- ആന  ആൽബം തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ
- ആന – വായനാക്കാർഡുകൾ ഒരുക്കുന്നു.

eg

ആന

വലിയ അന

കറുത്ത വലിയ ആന

<u>നവംബർ</u>

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു
- എന്റെ വളരുന്ന പുസ്തകം തയ്യായറാക്കുന്നു.

<u>ഡിസംബർ</u>

- ഭാഷയുടെ വിവിധതലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു
- ലേഖന പ്രവർത്തനങ്ങളിൽ എർപ്പെട്ട് വ്യക്തികത മാഗസിനുകൾ തയ്യാറാക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- വ്യവഹാര രൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ സാധ്യതകൾ രൂപീകരിച്ച് പറയുന്നു ചെയ്യുന്നു.

<u>ജനുവരി</u>

- വരികൾ കൂട്ടിചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ  (കവിതാ പൂരണം)
- ലഘുവിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും  വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.
- അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ   തയ്യാറാക്കുന്നതിന് അവസരം ഒരുക്കുന്നു.

<u>ഫെബ്രുവരി</u>

- എല്ലാ മേഖലകളിലും കുഞ്ഞുങ്ങളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ. (ഭാഷണം, ലേഖലം

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ
- എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ  ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ.

<u>**മാർച്ച്**</u>

- വ്യക്തികത വായന പ്രോത്സാഹിപ്പിക്കൽ
- ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യായറാക്കൽ
- ഓരോ കുട്ടിയും ഓരോ പതിപ്പുകൾ  കൈയ്യെഴുത്ത് മാസിക, മാഗസ്നുകൾ തയ്യാറാക്കൽ.
- വീട്ടു വായന, കൂട്ടു വായന, അമ്മ വായന ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- നവ മാധ്യമങ്ങളിലും പി ടി എ മീറ്റിങ്ങിലും അവതരിപ്പിക്കുന്നരിനുള്ള അവസരം ഒരുക്കൽ

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>

## Readers Theatre

**<u>ആമുഖം</u>**

കുട്ടികളുടെ വായനയെ മെച്ചപ്പെടുത്തുന്നതിന് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം നടപ്പിലാക്കിയ പദ്ധതിയാണ് റീഡേഴ്സ് തീയേറ്റർ. ഓരോ യൂണിറ്റും കഴിയുന്നതോടെ കുട്ടികൾ ആ പാഠഭാഗത്തിന്റെ സത്ത മറന്നുപോകാതെ ആശയങ്ങൾ ക്രമമായി ഓർക്കുന്നതിനും ഗ്രഹിക്കുന്നതിനും ഈ പ്രവർത്തനം സഹായിക്കുന്നു. കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ആഖ്യാനം , സംഭാഷണം എന്നിവ കണ്ടെത്തി നാടകാവിഷ്കാരം പോലെ വായിക്കുന്നു. ചമയങ്ങളൊന്നുമില്ലാതെ ആവശ്യമായ ശബ്ദവ്യത്യാസം വരുത്തി പാഠഭാഗം വായിക്കുന്നത് കുട്ടിയെ ആശയങ്ങൾ ഉറപ്പാക്കുന്നതിനും വായനയോടുള്ള അതിയായ ആഗ്രഹം വർധിപ്പിക്കാനും സഹായിക്കുന്നു

**<u>ലക്ഷ്യം</u>**

ഭാഷയെ ഹൃദ്യവും സർഗാത്മകവും ആസ്വാദകരവുമാക്കുന്നു

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| 1. മഴയോ മഴ<br>കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് കഥാപാത്രങ്ങളും ആഖ്യാനവും സംഭാഷണങ്ങളും കണ്ടെത്തുന്നു വായിച്ച് ഒരുങ്ങുന്നു<br>അവതരിപ്പിക്കുന്നു | ജൂൺ |
| 2. നന്നായി ഉണ്ണാൻ<br>കുട്ടികൾ ഗ്രൂപ്പുകളായി തിരിയുന്നു കഥാപാത്രങ്ങളും സംഭാഷണങ്ങളും ആഖ്യാനവും കണ്ടെത്തുന്നു . വായിച്ച് ഒരുങ്ങുന്നു, സർഗവേളകളിൽ അവതരിപ്പിക്കുന്നു. | ജൂലൈ |
| 3. എന്താണമ്മെ സ്വതന്ത്ര്യം<br>കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് കഥാപാത്രങ്ങൾ സംഭാഷണങ്ങൾ ആഖ്യാനം എന്നിവ കണ്ടെത്തി വായിച്ച് ഒരുങ്ങുന്നു, അവതരിപ്പിക്കുന്നു. | ആഗസ്റ്റ് |
| 4. പൂരം പൊടി പൂരം<br>കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് കഥാപാത്രങ്ങൾ സംഭാഷണങ്ങൾ ആഖ്യാനം എന്നിവ കണ്ടെത്തി വായിച്ച് ഒരുങ്ങുന്നു, അവതരിപ്പിക്കുന്നു. | ആഗസ്റ്റ്<br>സെപ്റ്റംബർ |

| | |
|---|---|
| 5.രുചി മേളം<br>ടി ബി വായിച്ച് കുട്ടികൾ ഗ്രൂപ്പുകളായി കഥാപാത്രങ്ങളും സംഭാഷണങ്ങളും ആഖ്യാനവും കണ്ടെത്തി അവതരിപ്പിക്കുന്നു.<br><br>6.പറക്കും വീട്<br>അധ്യാപികയും കുട്ടികളും കഥാപാത്രങ്ങളും സംഭാഷണങ്ങളും ആഖ്യാനവും കണ്ടെത്തി വായിച്ച് ഒരുങ്ങുന്നു, CPTA യിൽ അവതരിപ്പിക്കുന്നു.<br><br>7. മണിയന്റെ യാത്ര<br>കുട്ടികൾ ഗ്രൂപ്പുകളായി കഥാപാത്രങ്ങളും സംഭാഷണങ്ങളും ആഖ്യാനവും കണ്ടെത്തി വായിച്ച് ഒരുങ്ങുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.<br>8. പച്ചിലതുമ്പിലൂടെ<br>കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് കഥാപാത്രങ്ങൾ സംഭാഷണങ്ങൾ ആഖ്യാനം എന്നിവ കണ്ടെത്തി വായിച്ച് ഒരുങ്ങുന്നു, അവതരിപ്പിക്കുന്നു.<br><br>9. ആരോഗ്യം സമ്പത്ത്<br>കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് കഥാപാത്രങ്ങൾ സംഭാഷണങ്ങൾ ആഖ്യാനം എന്നിവ കണ്ടെത്തി വായിച്ച് ഒരുങ്ങുന്നു, അവതരിപ്പിക്കുന്നു.<br><br>10. സിംഹ രാജനും മാൻകുഞ്ഞും<br>ടി ബി വായിച്ച് കുട്ടികൾ ഗ്രൂപ്പുകളായി കഥാപാത്രങ്ങളും സംഭാഷണങ്ങളും ആഖ്യാനവും കണ്ടെത്തി അവതരിപ്പിക്കുന്നു.<br><br>11. മിന്നിമിനുങ്ങും മിന്നാമിന്നി<br>ടി ബി വായിച്ച് കുട്ടികൾ ഗ്രൂപ്പുകളായി കഥാപാത്രങ്ങളും സംഭാഷണങ്ങളും ആഖ്യാനവും കണ്ടെത്തി അവതരിപ്പിക്കുന്നു. | സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>നവംബർ<br><br>നവംബർ<br>ഡിസംബർ<br><br>ഡിസംബർ<br>ജനുവരി<br><br>ജനുവരി<br>ഫെബ്രുവരി<br><br>ഫെബ്രുവരി<br>മാർച്ച് |

<u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>

സംയുക്തഡയറി

രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ ദൈലദിന അനുഭവങ്ങളെ ആത്മാംശം ഉൾകൊണ്ട് എഴുതുന്നതിന് സംയുക്തഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. കുട്ടിയെ സർഗാത്മക രചന യിലേക്ക് നയിക്കുന്നതിന് സംയുക്ക ഡയറി സ്വാധീനം ചെലുത്തുന്നുണ്ട്. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ക ഡയറിയിലൂടെ കഴിയും.

<u>ലക്ഷ്യപ്രസ്താവനകൾ</u>

* സ്വന്തം അനുഭവങ്ങൾ (ക്രമത്തിൽ എഴുതാനും പറയാനും കഴിയുന്നു.

* സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു

* സ്വതന്ത്ര സാധിക്കുന്നു പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു

* ഭാഷ ശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.

* അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| SRG | മെയ് മാസം | ക്ലാസ് ടീച്ചർ, HM, PTA | |
| ക്ലാസ് പി ടി എ | ജൂൺ ആദ്യവാരം | ടീച്ചർ, രക്ഷിതാക്കൾ | |
| കുട്ടികളുടെ അനുഭവങ്ങൾ ഉൾ കൊള്ളിച്ച് ചിത്രത്തോടുകൂടിയുള്ള ഡയറി | ജൂൺ – ഡിസംബർ | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| വിലയിരുത്തൽ | | ക്ലാസ് ടീച്ചർ | |
| മികച്ച ഡയറികുറിപ്പുകൾ കണ്ടെത്തുന്നു | | ക്ലാസ് ടീച്ചർ, HM, രക്ഷിതാവ് | |
| ഡിജിറ്റൽ ഡയറി | ജനുവരി | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## പരിസരപഠനം

**ലക്ഷ്യം**

ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സസ്യങ്ങളെ തരംതിരിക്കുന്നു. പട്ടികപ്പെടുത്തുന്നു.

**ജൂൺ**

- ജൂൺ 5- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടൽ
- വളരുന്ന മരം
- നല്ല നാളേയ്ക്കുവേണ്ടി കവിത (ഐ സി ടി ) എറ്റുചൊല്ലുന്നു
- പ്രകൃതി നടത്തം . സസ്യങ്ങൾ നിരീക്ഷിക്കുന്നു പേരുകൾ കണ്ടെത്തുന്നു NB യിൽ രേഖപ്പെടുത്തുന്നു.
- ഒരു മരം വരയ്ക്കുന്നു നിറം നൽകുന്നു ICT ഉപയോഗിച്ച് കൂടുതൽ സസ്യങ്ങളെ പരിചയപ്പെടുത്തുന്നു
- കുട്ടികൾ തങ്ങളുടെ ചുറ്റു പാടുമുള്ള വിവിധ സസ്യങ്ങളുടെ ഫോട്ടോകളെടുത്ത് ക്ലാസ്സ് ഗ്രൂപ്പിൽ പങ്കു വെയ്ക്കുന്നു.

**ജൂലൈ**

വിവിധ വിവിധതരം ഇലകൾ ശേഖരിച്ച് ക്ലാസിൽ കൊണ്ടു വരുന്നു - അവയുടെ പേരുകൾ തിരിച്ചറിയുന്നു. ഇലകളുടെ പ്രത്യേകതകൾ ( ആകൃതി, നിറം, മണം,വലുപ്പം) അനുസരിച്ച് ഇലകളെ തരം തിരിക്കുന്നു .

**ഓഗസ്റ്റ്**

ടീച്ചർ ചില ഇലകൾ ഞരടി കുട്ടികലെ മണപ്പിക്കുന്നു ഊഹിച്ച് കണ്ടെത്തുന്നു ഇലയുടെ ഉപയോഗങ്ങൾ കണ്ടെത്തുന്നു . ഇലയും ഉപയോഗങ്ങളും പട്ടികപ്പെടുത്തുന്നു
ഇല ആൽബം, ഇല പ്രിൻ്റ്, ആൽബം ഇവ തയ്യാറാക്കുന്നു,

**സെപ്റ്റംബർ**

